Secretariat Kerala Catholic Bishops' Council
PASTORAL ORIENTATION CENTRE
PB No 2251, Palarivattom, Kochi - 682025, Kerala, India.
Tel: 91-484-2805722, 2805815, Fax: 0484 280 6214, E-mail: deputysecretarykcbc@gmail.com

All Kerala Press Release 03.01.2023

# പിഒസിയിൽ വാരാന്ത്യ മനഃശാസ്ത്ര കോഴ്സ്

കൊച്ചി: കേരള കത്തോലിക്കസഭയുടെ ആസ്ഥാനകാര്യാലയമായ പാലാരിവട്ടം പി.ഒ.സി. യിൽ പാസ്റ്ററൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ, വ്യക്തിത്വവികാസവും മാനസികാരോഗ്യവും നേടാനും നല്കാനും സഹായകമായ വാരാന്ത്യ ഡിപ്ലോമകോഴ്സ് ആരംഭിക്കുന്നു.

**മാനസികപ്രശ്നങ്ങൾ വർദ്ധിക്കുന്ന ഇക്കാലത്ത് സ്വയം മനസ്സിലാക്കാനും മറ്റുള്ളവരെ സഹായിക്കാനും ഉതകുന്ന പരിശീലനമാണ് കോഴ്സിൽ നല്കുന്നത്.** വ്യക്തിവികസനം നേടൽ, വൈകാരികപക്വത കൈവരിക്കൽ, മാനസികസംഘർഷങ്ങൾ ഇല്ലാതാക്കൽ, മദ്യം മയക്കുമരുന്ന് ആസക്തികളിൽ നിന്നും മോചനം, കൗൺസിലിംഗ്, വിദ്യാഭ്യാസ മനഃശാസ്ത്രം തുടങ്ങിയ വിഷയങ്ങളിൽ പ്രശസ്ത മനഃശാസ്ത്രവിദഗ്ധർ ക്ലാസ്സുകൾക്ക് നേതൃത്വം നല്കുന്നു

ജാതിമതഭേദമില്ലാതെ, 20വയസ്സു മുതൽ പ്രായമുള്ളവരും എസ്.എസ്.എൽ.സി വരെയെങ്കിലും പഠിച്ചിട്ടുള്ളവരുമായവർക്ക് പങ്കെടുക്കാവുന്ന ഈ കോഴ്സിന്റെ മാധ്യമം മലയാളമായിരിക്കും. കോഴ്സ് ഫീസ് 5000 രൂപ.

2023 ജനുവരി മുതൽ ഡിസംബർ വരെയാണ് കോഴ്സ് കാലാവധി. എല്ലാ ശനിയാഴ്ച്ചകളിലും ഉച്ചകഴിഞ്ഞ് 2മുതൽ 5വരെയാണ് ക്ലാസുകൾ.

**പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ഈ നമ്പറിൽ ബന്ധപ്പെടുക: 9447441109, 8113876979**

ഫാ. ജേക്കബ് ജി പാലയ്ക്കാപ്പിള്ളി
ഡയറക്ടർ പി ഒ സി

ഫാ. ടോണി കോഴിമണ്ണിൽ
ഡീൻഓഫ് സ്റ്റഡീസ് പിറ്റിഐ